**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1148

05.03.2018- ൽ
മറുപടിയ്ക്ക്

**കൈപമംഗലം മനയ്ക്കൽ കുളം പതിച്ച നൽകൽ**

ചോദ്യം

**ശ്രീ.വി.പി.സജീന്ദ്രൻ**

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ കൈപമംഗലം വില്ലേജിലെ "മനയ്ക്കൽ കുളം" സ്വകാര്യ വ്യക്തികൾക്ക് പതിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ആർക്കാണെന്നും എത്ര ഏക്കർ ആണ് പതിച്ച് നൽകിയതെന്നും എന്നാണ് പതിച്ച് നൽകിയതെന്നും വെളിപ്പെടുത്തുമോ; | (എ) | തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ മനക്കൽപാടം എന്നറിയപ്പെടുന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കൈപ്പമംഗലം സർവ്വെ 313/12-ൽപ്പെട്ട 30 സെന്റ് നി.കെ.കുളം, ജില്ലാ കളക്ടറുടെ 20.06.90 ലെ കെഡിസ്, 96226/89/ബി1, റവന്യൂ ഡിവിഷണൽ ഓഫീസറുടെ 30.06.90 ലെ ബി1-13893/89 എന്നീ ഉത്തരവുകൾ പ്രകാരം പുഴങ്കരയില്ലത്ത് കുഞ്ഞു മകൻ ഹസ്സൻകുഞ്ഞി ടി ഹസ്സൻകുഞ്ഞി ഭാര്യ ഐഷാബി എന്നിവർ പേരിൽ നികുതി കെട്ടാവുന്നതാക്കി മാറ്റിയിട്ടുണ്ട്. വില്ലേജ് രേഖകൾ പ്രകാരം, നി.കെ.കുളം വിഭാഗത്തിൽപ്പെടുന്ന ടി ഭൂമി, നിയമാനുസൃതം MLR [മലബാർ ലാൻഡ് രജിസ്ട്രേഷൻ] ആക്ട് പ്രകാരമാണ് നികുതി കെട്ടുന്നതായി മാറ്റിയത്. |
| (ബി) പ്രസ്തുത കുളം പതിച്ച നൽകിയിട്ടുണ്ടെങ്കിൽ ഇത് തിരിച്ച പിടിച്ച് പൊതുജനങ്ങൾക്ക് ഉപയോഗത്തിനായി നൽകമോ;<br>(സി) സർക്കാർ വക കുളം സ്വകാര്യ വ്യക്തിക്ക് പതിച്ച നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ച എന്ന് വെളിപ്പെടുത്തുമോ? | ബി) & (സി) | മലബാർ ലാൻഡ് രജിസ്ട്രേഷൻ ആക്ട് പ്രകാരം പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടി വിശദമായി പരിശോധിച്ച് ചട്ടങ്ങളിൽ ലംഘനം നടത്തിയിട്ടുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം ടി വിഷയത്തിൽ മേൽ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**